# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മാർച്ച് 20

# വാർത്താക്കുറിപ്പ്

**പ്രാക്ടിക്കൽ പരീക്ഷ**

ഒന്നാം സെമസ്റ്റർ എം .എസ് സി . കമ്പ്യൂട്ടർ സയൻസ് (സി.എസ്.എസ്. 2018 അഡ്മിഷൻ റഗുലർ/2014, 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി /2012, 2013 അഡ്മിഷൻ മേഴ്സിചാൻസ്) 2018 ഡിസംബർ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് 25 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/542/2019)

ആറാംസെമസ്റ്റർ ബി .എസ് സി. മൈക്രോബയോളജി (സി.ബി.സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി/മേഴ്സിചാൻസ്) 2019 മാർച്ച് പരീക്ഷയുടെ പ്രോജക്റ്റ് വൈവയും പ്രാക്ടിക്കൽ പരീക്ഷയും മാർച്ച് 25 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/543/2019)

മൂന്നാംസെമസ്റ്റർ എം .പി.എഡ് ഡിഗ്രി (2017 അഡ്മിഷൻ റഗുലർ /സപ്ലിമെന്ററി) 2019 ഫെബ്രുവരി പരീക്ഷയുടെ പ്രായോഗിക പരീക്ഷ മാർച്ച് 22ന് മൂലമറ്റം സെന്റ് ജോസഫ് സ് അക്കാദമി ഓഫ് ഹയർ എഡ്യൂക്കേഷൻ ആൻഡ് റിസർച്ചിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/544/2019)

**പ്രോജക്ടും വൈവയും**

ആറാംസെമസ്റ്റർ ഇംഗ്ലീഷ് ട്രിപ്പിൾ മെയിൻ (സി.ബി.സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി/മേഴ്സിചാൻസ്) 2019 മാർച്ച് പരീക്ഷയുടെ പ്രോജക്ടും വൈവയും മാർച്ച് 27 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/545/2019)

**അധ്യാപക പോർട്ടൽ;**

**വിവരങ്ങൾ നൽകാം**

മഹാത്മാഗാന്ധി സർവകലാശാലയുടെ അധ്യാപക പോർട്ടൽ മാർച്ച് 21,22,23 തീയതികളിൽ തുറക്കും. ഡിപ്പാർട്ട്മെന്റൽ മാപ്പിങ് പൂർത്തീകരിക്കാത്ത കോളജുകൾ അധ്യാപകരുടെ വിവരങ്ങൾ പോർട്ടലിൽ അപ്‌ലോഡ് ചെയ്യണം.

(പി.ആർ.ഒ./39/546/2019)

## എം.ജി. സർവകലാശാല പഠനവകുപ്പുകളിൽ

## പി.ജി. പ്രവേശനം; അപേക്ഷ 31 വരെ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിൽ ബിരുദാനന്തര ബിരുദ പ്രവേശനത്തിനായി ദേശീയതലത്തിൽ നടത്തുന്ന പ്രവേശന പരീക്ഷയ്ക്ക് (ക്യാറ്റ് എംജി.യു.) അപേക്ഷിക്കാം. വിവിധ വിഷയങ്ങളിൽ എം .എസ് സി ., എം.ടി.ടി.എം., എൽ.എൽ.എം., എം.എഡ്., എം.ബി.എ. പ്രോഗ്രാമുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത് . ഓൺലൈനായാണ് അപേക്ഷിക്കേണ്ടത് . മാർച്ച് 31 വരെയാണ് രജിസ്ട്രേഷൻ. കേരളത്തിൽ തിരുവനന്തപുരം , കോട്ടയം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലും ഡൽഹി, മുംബൈ, ബാംഗ്ലൂർ, ചെന്നൈ എന്നിവിടങ്ങളിലും പരീക്ഷാകേന്ദ്രങ്ങളുണ്ട്.

www.cat.mgu.ac.in, www.mgu.ac.in എന്നീ വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാം . യോഗ്യത പരീക്ഷയെഴുതി ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷ നൽകാം . അപേക്ഷകരുടെ യോഗ്യതയനുസരിച്ച് ഒരു അപേക്ഷയിൽത്തന്നെ നാല് ബിരുദാനന്തര ബിരുദ വകുപ്പുകളിലെ പ്രോഗ്രാമുകൾ തെരഞ്ഞെടുക്കാം (എം.ബി.എ. ഒഴികെ). എം.ബി.എ.യ്ക്ക് പ്രത്യേകമായി രജിസ്റ്റർ ചെയ്യണം . എം.ബി.എ. ഒഴിച്ചുള്ള പ്രോഗ്രാമുകൾക്ക് ഒന്നിലധികം അപേക്ഷ സമർപ്പിക്കരുത് . ഓരോ പ്രോഗ്രാമിനും പൊതു വിഭാഗക്കാർക്ക് 1000 രൂപയും കേരളത്തിനകത്തുള്ള എസ് .സി./എസ്.ടി. വിഭാഗക്കാർക്ക് 500 രൂപയുമാണ് അപേക്ഷ ഫീസ്. ഫീസ് ഓൺലൈനായി അടയ്ക്ക ണം. വിശദവിവരങ്ങൾക്ക് ഫോൺ : 0481-2733615. ഇമെയിൽ: catcellmguniversity@gmail.com. വിജ്ഞാപനവും പ്രോസ്പെക്ടസുമടക്കമുള്ള വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/547/2019)

## എം.ജി.യുടെ മികവ് അടുത്തറിയാൻ

## കേരള സർവകലാശാല സംഘം

പരീക്ഷ നടത്തിപ്പും ഓൺലൈൻ സേവനങ്ങൾ നൽകു ന്നതടക്കമുള്ള സംവിധാനങ്ങളും പഠിക്കാനും നേരിട്ടറിയാനും കേരള സർവകലാശാലയിൽനിന്നുള്ള സംഘം മഹാത്മാഗാന്ധി സർവകലാശാല സന്ദർശിച്ചു. കേരള സർവകലാശാല പ്രോ വൈസ് ചാൻസലർ ഡോ . പി.പി. അജയകുമാറിന്റെ നേതൃത്വത്തിൽ സിൻഡിക്കേറ്റ് അംഗങ്ങളും പ്രധാന ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘമാണ് എം.ജി.യിലെത്തിയത്.

വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ആർ. പ്രഗാഷ്, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ്, ഡോ. അജി സി. പണിക്കർ, പ്രൊഫ. സന്തോഷ് പി. തമ്പി, പ്രൊഫ. കെ. ജയചന്ദ്രൻ, ഡോ. വി.എസ്. പ്രവീൺ കുമാർ , രജിസ്ട്രാർ ഡോ . കെ. സാബുക്കുട്ടൻ, പരീക്ഷ കൺട്രോളർ പ്രൊഫ. ബി. പ്രകാശ്കുമാർ, ഐ.ക്യൂ.എ.സി. ഡയറക്ടർ ഡോ. സി.ടി. അരവിന്ദകുമാർ, ജോയിന്റ് ഡയറക്ടർ ഡോ . റോബിനറ്റ് ജേക്കബ് എന്നിവരുമായി സംഘം കൂടിക്കാഴ്ച നടത്തി . സർവകലാശാലയിലെ വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തി . അക്കാദമിക രംഗത്തടക്കം സഹകരിക്കാവുന്ന മേഖലകളിൽ ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ സന്ദർശനം സഹായിക്കുമെന്ന് വൈസ് ചാൻസലർ പറഞ്ഞു.

(പി.ആർ.ഒ./39/548/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ